**“CORRUPTION, A CRIME AGAINST NATION”**


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി. 05.12.2025

# വിജിലൻസ് കേസിൽ ശിക്ഷ അനുഭവിക്കാതെ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികളെ അറസ്റ്റ് ചെയ്തു.

തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ 1994 മുതൽ 1998 വരെയുള്ള കാലയളവിൽ ആറ് ഉപഭോക്താക്കളുടെ 11 സ്ഥിര നിക്ഷേപങ്ങളിൽ നിന്ന് നിക്ഷേപകരുടെ അറിവോ സമ്മതമോ ഇല്ലാതെ വ്യാജ വായ്പാ അപേക്ഷകളും രേഖകളും നിർമ്മിച്ച് 18,86,000/- രൂപ കൈവശപ്പെടുത്തിയതിന് ബാങ്കിലെ സെക്രട്ടറിയായിരുന്ന പി.ശശി കുമാറിനെയും ഹെഡ് ക്ലാർക്കായിരുന്ന സി.ശശിധരൻ നായരെയും പ്രതികളാക്കി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ൽ ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. അന്വേഷണം പൂർത്തിയാക്കി തിരുവനന്തപുരം വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്ന ഈ കേസിൽ സഹകരണ ബാങ്കിലെ സെക്രട്ടറിയായിരുന്ന പി.ശശി കുമാറും, ഹെഡ് ക്ലാർക്കായിരുന്ന സി.ശശിധരൻ നായരും കുറ്റക്കാരാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി വിവിധ വകുപ്പുകളിലായി അഞ്ച് വർഷം കഠിന തടവിനും 1,000/- രൂപ പിഴ ഒടുക്കുന്നതിനും 2013-ൽ ശിക്ഷ വിധിച്ചിരുന്നു. തുടർന്ന് ശശി കുമാറും, ശശിധരൻ നായരും ഹൈക്കോടതിയിൽ അപ്പീൽ പോകുകയും, ശിക്ഷ കാലയളവ് ഒരു വർഷവും 1,000/- രൂപ പിഴയുമാക്കി ഇളവ് വരുത്തുകയും, വിജിലൻസ് കോടതിയിൽ കീഴടങ്ങുന്നതിനും ഹൈക്കോടതി ഉത്തരവായിരുന്നു. എന്നാൽ പ്രതികൾ കോടതിയിൽ കീഴടങ്ങാതെ ഒളിവിൽ പോകുകയായിരുന്നു. തുടർന്ന് സഹകരണ ബാങ്ക് ഹെഡ് ഓഫീസിലെ സെക്രട്ടറിയായിരുന്ന പി.ശശി കുമാറിനെയും ഹെഡ് ക്ലാർക്കായിരുന്ന സി.ശശിധരൻ നായരെയും ഇരുവരുടെയും തിരുവനന്തപുരം നെടുങ്കാടുള്ള വീടുകളിൽ നിന്നും ഇന്ന് (05/12/2025) രാവിലെ വിജിലൻസ് സംഘം അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതികളെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.